LIBRARY ARCHIVES Kerala Legislative Assembly

വാഹനമോഷണം സംബന്ധിച്ച കേസുകൾ

55 [56] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് വാഹനമോഷണം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ എത്ര സ്വകാര്യ വാഹനങ്ങളും സർക്കാർ വാഹനങ്ങളും മോഷണം പോയിട്ടുണ്ട്;

(സി) അന്വേഷണത്തെ തുടർന്ന് എത്ര വാഹനങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) വർദ്ധിച്ചുവരുന്ന വാഹന മോഷണങ്ങൾ തടയാൻ പോലീസ് പ്രത്യേക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 5441 വാഹനമോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്വകാര്യവാഹനം .. 5435
സർക്കാർ വാഹനം .. 14

(സി) 1963 വാഹനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) രാത്രികാലങ്ങളിൽ പോലീസ് പട്രോളിംഗ് ഊർജ്ജിതമാക്കിയും, മുൻകാല വാഹനമോഷ്ടാക്കളെ നിരന്തരം നിരീക്ഷിച്ചും കുറ്റകൃത്യം നടക്കാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിലും സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലങ്ങളിലും പ്രത്യേക അന്വേഷണം നടത്തിയും രാത്രികാല വാഹന ചെക്കിംഗ് ശക്തമാക്കിയും നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്.

മന്ത്രിമാർ ഉൾപ്പെടുന്ന വിജിലൻസ് കേസുകൾ

56 [57] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മന്ത്രിസഭയിലെ മന്ത്രിമാർ ഉൾപ്പെടുന്ന ഏതെല്ലാം വിജിലൻസ് കേസ്സുകളിലാണ് നടപടി തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കേസ്സുകളുടെ അന്വേഷണവും തുടർനടപടികളും വേണ്ടെന്ന് സർക്കാർ തീരുമാനിക്കാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;